**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6660** | **21-03-2023 - ൽ മറുപടിയ്ക്ക്**

**ഓട്ടമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള എത്ര ലാബുകളാണ് സംസ്ഥാനത്തുടനീളമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധനയ്ക്കായി സജ്ജമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 3 ലാബുകളാണ് നിലവിൽ സജ്ജമാക്കിയിട്ടുള്ളത്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പരിശോധിയ്ക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇതിനായി സംസ്ഥാനത്ത് എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ എത്ര ജീവനക്കാരുണ്ടെന്നും ജില്ല, പരിശോധനാ മേഖല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്താകെ മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും പതിനൊന്ന് ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള Ist tier, IInd tier എന്നീ ശ്രേണികളിലായി ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇതിൽ ഒന്നാം ഘട്ട ഗുണനിലവാര പരിശോധന നടക്കുന്ന സമയത്ത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തിയുടെ അസംസ്കൃത വസ്തുക്കൾ, |

| | | | |
|---|---|---|---|
| | | | കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധനകൾ നടത്തുന്നതിന് വേണ്ടിയുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ റീജിയണൽ ലാബുകൾക്ക് സൈറ്റിൽ വച്ചു തന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള 3 ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിലവിൽ സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ടെസ്റ്റിംഗ് ലാബിൽ എന്തൊക്കെ ഉപകരണങ്ങളും സജ്ജീകരണങ്ങളുമാണ് ഉള്ളതെന്ന് വിശദമാക്കമോ; ഇതിനായി ആകെ എത്ര വാഹനങ്ങൾ വാങ്ങിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ; | (സി) | നിലവിൽ 3 ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകളിൽ ഓരോന്നിലും Compression Testing Machine, Bitumin extractor, Sieve Shaker / Sieves, Analytic /Electronic weighing balance, Digital Vernier Caliper, Core Cutter / Core Bills, Stump Cone, Hot air oven, Flakiness & Elongation Gauge, Rebound Hammer, Rebar locator (Ultrasonic pulse velocity meter) എന്നീ ഉപകരണങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. |
| (ഡി) | ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കുന്നതിനായി ആകെ എത്ര രൂപയാണ് ചെലവായിട്ടുള്ളതെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | മൊബൈൽ ക്വാളിറ്റി ടെസ്റ്റിഗ് ലാബുകൾ സജ്ജമാക്കുന്നതിനായി 2.7 കോടി രൂപയുടെ ഭരണാനുമതി ചുവടെ ചേർക്കും പ്രകാരം നൽകിയിട്ടുണ്ട്.<br><br>1. Chassis -3 nos. - 66.25L<br><br>2. Body Buildings – 3 nos. -103.26L<br><br>3. Equipments & Installations - 3 sets - 104.49L<br><br>Total - 270L |
| (ഇ) | പ്രസ്തുത ലാബുകൾ പ്രവർത്തിപ്പിക്കുന്നതിനായി ആകെ എത്ര ജീവനക്കാരാണ് ആവശ്യമുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിലേക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (ഇ) | പ്രസ്തുത ലാബുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>അസിസ്റ്റന്റ് എഞ്ചിനീയർ - 3<br><br>ഒന്നാംതരം ഓവർസീയർ - 3<br><br>മൂന്നാംതരം ഓവർസീയർ - 3<br><br>എസ്.എൽ.ആർ - 6<br><br>ഡ്രൈവർ - 3 |

| | | | |
|---|---|---|---|
| | | | പ്രസ്തുത ലാബുകളുടെ പ്രവർത്തനത്തിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (എഫ്) | പൊതുമരാമത്ത് വകുപ്പിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള നിർമ്മാണങ്ങളും ആവശ്യാനുസരണം പരിശോധിക്കുന്നതിന് പ്രസ്തുത ലാബുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ? | (എഫ്) | നിലവിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾക്കു മാത്രമാണ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | കാര്യാലയം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, തിരുവനന്തപുരം | 27 |
| 2 | റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, എറണാകുളം | 29 |
| 3 | റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, കോഴിക്കോട് | 27 |
| 4 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, കൊല്ലം | 25 |
| 5 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, ആലപ്പുഴ | 24 |
| 6 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, പത്തനംതിട്ട | 29 |
| 7 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, കോട്ടയം | 30 |
| 8 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, ഇടുക്കി | 31 |
| 9 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, തൃശ്ശൂർ | 30 |
| 10 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, പാലക്കാട് | 29 |
| 11 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, മലപ്പുറം | 27 |
| 12 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, വയനാട് | 27 |
| 13 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, കണ്ണൂർ | 32 |
| 14 | ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ & ജില്ലാ ലബോറട്ടറി, കാസറഗോഡ് | 23 |

സെക്ഷൻ ഓഫീസർ